വില്ലേജ്മാൻമാരുടെ ഒഴിവുള്ള തസ്തികകൾ

30 (2788) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ ഒരു വർഷമായി വില്ലേജ്മാൻമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ടായിരുന്നു ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്നതിന്റെ കാരണം പറയാമോ ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 65 ഒഴിവുകൾ. ഇതിൽ 13 ഒഴിവുകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി&സി) വകുപ്പ് തലവൻ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

യു.ഡി.സി./എസ്.വി.ഒ. മാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ്

31 (2789) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ യു.ഡി.സി./എസ്.വി.ഒ.മാരുടെ ഏതെല്ലാം സീനിയോറിറ്റി ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ സ്ഥിരമായിട്ടും താൽക്കാലികമായിട്ടും ഏതെല്ലാമാണ് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ; ഇവയുടെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഇവയിൽ ഏതുവരെയുള്ളവർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ യു.ഡി.സി./എസ്.വി.ഒ.മാരുടെ താഴെ പറയുന്ന ലിസ്റ്റുകൾ നിലവിലുണ്ട്.

1. 10-9-1984 വരെയുള്ള യു.ഡി.സി./വില്ലേജ് ഓഫീസർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.
2. 10-9-1984 മുതൽ 29-2-1888 വരെയുള്ള യു.ഡി.സി./എസ്.വി.ഒ. മാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.
3. 1-3-1988 മുതൽ 31-12-1992 വരെയുള്ള യു.ഡി.സി./എസ്.വി.ഒ. മാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly

4. 1-1-1993 മുതൽ 31-5-1996 വരെയുള്ള യു.ഡി.സി./എസ്.വി.ഒ.-മാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

5. 1-6-1996 മുതൽ 31-5-1998 വരെയുള്ള യു.ഡി.സി./ എസ്.വി.ഒ.-മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

(ബി) മുകളിൽ പറഞ്ഞ സീനിയോറിറ്റി ലിസ്റ്റുകളിൽ 1-6-1996 മുതൽ 31-5-1998 വരെയുള്ള ലിസ്റ്റ് ഒഴിച്ചുള്ള ലിസ്റ്റുകൾ സ്ഥിരവും 1-6-1996 മുതൽ 31-5-1998 വരെയുള്ള ലിസ്റ്റ് താൽക്കാലികവുമാണ്. ടി. സീനിയോറിറ്റി ലിസ്റ്റുകളെല്ലാം തന്നെ എൻ.ഐ.സി.-യുടെ സഹായത്തോടെയാണ് തയ്യാറാക്കിയത്. ഇവയുടെ കോപ്പികൾ എല്ലാ ജില്ലാ കളക്ടർമാർക്കും ജീവനക്കാരുടെ ഇടയിൽ സർക്കുലേറ്റ് ചെയ്യാൻ അയച്ചുകൊടുത്തിട്ടുണ്ട്. ഇവയുടെ അധികകോപ്പികൾ ഇപ്പോൾ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ലഭ്യമല്ല. ഇവയുടെ ഫ്ളോപ്പി ഡിസ്ക്കുകൾ ഉപയോഗിച്ച് എൻ.ഐ.സി.-യുടെ സഹായത്തോടെ കോപ്പികൾ എടുത്ത് താമസംവിന ലഭ്യമാക്കുന്നതാണ്.

(സി) 1-6-1996 മുതൽ 31-5-1998 വരെയുള്ള യു.ഡി.സി./എസ്.വി.ഒ.മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമ നമ്പർ 237 വരെയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

32 (2790) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിന്റെ കീഴിൽ എത്ര എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തില്ലെങ്കിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 85 ഒഴിവുകൾ.

(ബി)

ചേർത്തല	-	02
അമ്പലപ്പുഴ	-	25
കുട്ടനാട്	-	28

LIBRARY ARCHIVES Kerala Legislative Assembly